# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

## പ്രവചന കാലയളവ് 17.05.2023 മുതൽ 21.05.2023 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 20/2023,(39) ചൊവ്വാഴ്ച | തീയ്യതി 16/05/2023 |
|---|---|

| കഴിഞ്ഞആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2023 മെയ് 10 മുതൽ മെയ് 16 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | കാലാവസ്ഥാ പ്രവചനം (2023 മെയ് 17 മുതൽ 21 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 10/05 | 11/05 | 12/05 | 13/05 | 14/05 | 15/05 | 16/06 | തീയ്യതി | 17/05 | 18/05 | 19/05 | 20/05 | 21/05 |
| 0.0 | 0.0 | 0.0 | 0.0 | 3.3 | 0.0 | 0.0 | മഴ (മില്ലീമീറ്റർ) | 0 | 2 | 3 | 3 | 3 |
| 36.0 | 35.0 | 35.0 | 34.5 | 34.1 | 34.9 | 34.3 | ഉയർന്ന താപനില (°C) | 35 | 36 | 36 | 36 | 36 |
| 26.4 | 26.1 | 26.2 | 26.0 | 25.4 | 26.8 | 26.1 | കുറഞ്ഞ താപനില (°C) | 26 | 26 | 26 | 26 | 26 |
| Cloudy | Cloudy | Partially Cloudy | Partially Cloudy | Partially Cloudy | Cloudy | Partially Cloudy | AM മേഘ വ്യാപ്തി (ഒക്ടാ) | Partially Cloudy | Partially Cloudy | Partially Cloudy | Cloudy | Cloudy |
| Cloudy | Cloudy | Cloudy | Partially Cloudy | Cloudy | Cloudy | | PM | | | | | |
| 88 | 87 | 89 | 83 | 97 | 87 | 89 | കൂടിയ അന്തരീക്ഷ ആർദ്രത (%) | 92 | 89 | 90 | 90 | 91 |
| 61 | 61 | 58 | 65 | 64 | 63 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 57 | 57 | 52 | 60 | 65 |
| 1.8 | 1.7 | 2.1 | 2.1 | 2.0 | 2.1 | 1.5 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 4 | 3 | 5 | 4 |
| C | C | C | C | C | C | C | AM കാറ്റിന്റെ ദിശ (ഡിഗ്രി ) | WNW | NW | WNW | WNW | WNW |
| C | WSW | SW | NNW | WSW | SW | | PM | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2023 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/03/23 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 3.3 | 124.6 | 124.6 |

**കാലാവസ്ഥാ അറിയിപ്പ്: IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.**

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ: കാലവർഷാരംഭത്തിനു മുൻപേ കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. മണ്ണിന്റെ ഈർപ്പം നിലനിർത്താൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് - വിരിപ്പ് | - | വിരിപ്പ് കൃഷി ഇറക്കുന്നതിനു മുൻപായി നെല്പാടങ്ങളിൽ ഡെയിഞ്ച വിതച്ചുകൊടുക്കാവുന്നതാണ്. |
| ഇഞ്ചി, മഞ്ഞൾ | - | ഇഞ്ചി, മഞ്ഞൾ എന്നിവ നടാനായിട്ട് നിലം ഒരുക്കുന്ന സമയത്തു ഒരു സെന്റിന് രണ്ടു മുതൽ മൂന്ന് കിലോ വരെ കുമ്മായം ഇട്ടുകൊടുക്കാവുന്നതാണ്. മൂട് ചീയൽ രോഗം തടയുന്നതിന് മുൻകരുതലായി ഇഞ്ചി വിത്തും, മഞ്ഞൾ വിത്തും 3 ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ സ്യൂഡോമോണാസ് ലായനിയിൽ 30 മിനിറ്റ് മുക്കിവെച്ച ശേഷം നടുക. 90 കിലോ ചാണകപ്പൊടി, ഒരു കിലോ ട്രൈക്കോഡർമയുമായി കൂട്ടികലർത്തി, ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം, രണ്ടാഴ്ച്ച തണലത്ത് വെച്ചശേഷം തടത്തിൽ ഇട്ടുകൊടുക്കുക. |
| പച്ചക്കറികൾ മുളക്, വഴുതന | - | മുളക്, വഴുതന തുടങ്ങിയ പച്ചക്കറികൾ നടുമ്പോൾ വേരുകൾ സ്യൂഡോമോണാസ് ലായനിയിൽ മുക്കിവെച്ചതിനു ശേഷം നടുക. |

മൃഗസംരക്ഷണം:- കാലിത്തീറ്റയിൽ പൂപ്പൽ വിഷബാധയേൽക്കാതെ സൂക്ഷിക്കുക. ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. തൊഴുത്തിലോ, പരിസരത്തോ എലി ശല്ല്യം ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കുക. എലിയിൽ നിന്നും പകരുന്ന എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ് എന്ന രോഗം ഉരുക്കൾക്കും, കർഷകർക്കും ഒരുപോലെ മാരകമാണ്.. (CAADECCS KVASU, Mannuthy).